# പതിമൂന്നാം കേരളനിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3453 18.02.2013-ൽ മറുപടിക്ക്.

## വാർഷിക പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ | | ഡോ.എം.കെ.മുനീർ (ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) | |
| (എ) | വാർഷിക പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; | (എ) | 12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിൽ പദ്ധതി രൂപീകരണത്തിന്റേയും നിർവ്വഹണത്തിന്റേയും സമയക്രമം നിശ്ചയിച്ച് നൽകിയിരുന്നു. പിന്നീട് അവസാന തീയതികളിൽ ഇളവ് നൽകിയിരുന്നു. പദ്ധതികൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥന്റെ മേലുദ്യോഗസ്ഥൻ അനുമതി നൽകിയാലുടൻ ഡി.പി.സി അംഗീകാരത്തിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്താതെ ബില്ല് തുക മാറുന്നതിനും അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | അടുത്ത വർഷത്തെ പദ്ധതി രൂപീകരണം ഈ മാർച്ചിൽ തന്നെ പൂർത്തിയാക്കുവാൻ, എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ? | (ബി) | ഉണ്ട്. 30.10.2012 ലെ സ.ഉ.(എം.എസ്) നം.277/12/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 2013-14 വർഷത്തെ വാർഷിക പദ്ധതിയ്ക്ക് ഫെബ്രുവരിയിൽ അംഗീകാരം നേടിയാൽ മതി. 04.02.2013 ലെ സ.ഉ.(എം.എസ്)നം.47/13/തസ്വഭവ ഉത്തരവ് പ്രകാരം പ്രോജക്ടുകൾക്ക് മേലുദ്യോഗസ്ഥരിൽ നിന്നും അംഗീകാരം നേടാനുള്ള അവസാന തീയതി 2013 മാർച്ച് 10 ഉം, ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും അംഗീകാരം നേടാനുള്ള അവസാന തീയതി 2013 മാർച്ച് 25 ഉം ആണ്. |

സെക്ഷൻ ഓഫീസർ